പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 54 — 19.03 2013 -ൽ മറുപടിക്ക്.

## പാർപ്പിട നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>" വി.ഡി. സതീശൻ<br>" കെ. മുരളീധരൻ.<br>" വർക്കല കഹാർ. | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പാർപ്പിടനയത്തിന് അന്തിമരൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. 18.11.2011-ലെ സ.ഉ. (എം.എസ്)നം.35/2011/ഭവനം പ്രകാരം കേരളസംസ്ഥാന പാർപ്പിട നയം 2011 സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ബി) ഭവന നിർമ്മാണ മേഖലയുടെ വികസനത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (ബി) 'സുരക്ഷിത ഭവനം പൗരന്റെ അവകാശം' എന്ന സമീപനത്തിൽ അധിഷ്ഠിതമായാണ് പുതിയ പാർപ്പിടനയം തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ വാസസ്ഥലങ്ങളുടെ സുസ്ഥിരമായ വികസനത്തിനും പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരും സാമൂഹ്യ അവസരങ്ങൾ ഇല്ലാത്തവരുമായ ആളുകളുടെ പാർപ്പിട ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് എല്ലാ വിഭാഗം വരുമാനക്കാർക്കും താങ്ങാനാവുന്ന വിലയിൽ വസ്തു, കിടപ്പാടം, സേവനങ്ങൾ എന്നിവയുടെ നീതിപൂർവ്വകമായ വിതരണംഉറപ്പാക്കുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. ഭൂരഹിതർ, പട്ടികജാതി-പട്ടികവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ, പാവപ്പെട്ടവരിൽപാവപ്പെട്ടവർ എന്നിവർക്ക് 'സുരക്ഷിത ഭവനം' എന്നത് ഈ പാർപ്പിടനയത്തിന്റെ മുഖ്യലക്ഷ്യമാണ്. പൊതുതാൽപര്യം ഉറപ്പുവരുത്തുന്നതിനുള്ള രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാനത്തെ ഭവന നിർമ്മാണ മേഖലയിലെ അടിസ്ഥാന സൗകര്യവികസന കാര്യങ്ങളിൽ പൊതു-സ്വകാര്യ-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ് - പാർട്ണർഷിപ്പ്) പൊതു - സ്വകാര്യ- |

പഞ്ചായത്ത്-പങ്കാളിത്ത (പബ്ലിക്-പ്രൈവറ്റ് - പഞ്ചായത്ത്-പാർട്ണർഷിപ്പ്)വികസന സാമ്പത്തിക മാതൃകകൾ രൂപപ്പെടുത്തുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു. കൂടാതെ, കേരളാ സ്റ്റേറ്റ് ഹൗസിംഗ് ഡവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ, ഹൗസിംഗ് സെക്ടർ റെഗുലേറ്ററി അതോറിറ്റി എന്നിവ സ്ഥാപിക്കുന്നതിനും ഷെൽട്ടർ ഫണ്ട്, ഹൗസിംഗ് റിസ്ക് ഫണ്ട്, ടെക്നോളജി ഇന്നവേഷൻ ഫണ്ട് എന്നിവ രൂപീകരിക്കുന്നതിനും കേരളാ ബിൽഡിംഗ്സ് (ലീസ് ആൻറ് റെൻറ് കൺട്രോൾ) ആക്ട്, അപ്പാർട്ട്മെൻറ് ഓണർഷിപ്പ് ആക്ട് എന്നിവ അടിയന്തിരമായി പരിഷ്ക്കരിക്കുന്നതിനും പ്രവാസി ഇൻഡ്യക്കാരുടെയും പ്രവാസി കേരളീയരുടെയും പാർപ്പിട ആവശ്യങ്ങൾ നേരിടുന്നതിനുമുള്ള കർമ്മപദ്ധതിയ്ക്ക് രൂപം നൽകുന്നതിനും പാർപ്പിടനയം മുൻഗണന നൽകുന്നു.

| | | | |
|---|---|---|---|
| (സി) | നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്ന കാര്യം പരിഗണിക്കുമോ ? | (സി) | നയം അംഗീകരിക്കുന്നതിനു മുമ്പായി പൊതു സമൂഹത്തിൻെറ അഭിപ്രായം ആരായുന്നതിന് കരട് നയം സർക്കാർ വെബ്സൈറ്റിലും, ഹൗസിംഗ് ബോർഡ്, നിർമ്മിതികേന്ദ്രം എന്നിവയുടെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കുകയും ബന്ധപ്പെട്ടവരും തത്പരകക്ഷികളുമായി വിശദമായി ചർച്ച ചെയ്ത് അഭിപ്രായങ്ങൾ സമന്വയിപ്പിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

കേരള സർക്കാർ

ഭവന നിർമ്മാണ വകുപ്പ് - കേരള സ്റ്റേറ്റ് ഹൗസിംഗ് പോളിസി 2011 അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവന നിർമ്മാണ (ബി) വകുപ്പ്

സ.ഉ. (എം.എസ്) നം. 35/2011/ഭവനം തിരുവനന്തപുരം, തീയതി 18/11/2011

പരാമർശം:- 1. ഹൗസിംഗ് കമ്മീഷണറുടെ 25.7.2011 ലെ 437/ബി2/2010/എ.എച്ച്.സി എന്ന നമ്പർ കത്തും 20.8.2011 ലെ ബി1 403/2011/എച്ച്.സി എന്ന നമ്പർ കത്തും.

## ഉത്തരവ്

എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തി സർക്കാർ പാർപ്പിട നയം നൂറുദിന കർമ്മപരിപാടിയിലെ ഒരിനമായി പ്രഖ്യാപിച്ചു. 2011-12-ലെ പുതുക്കിയ ബഡ്ജറ്റിൽ ഈ പുതിയ പാർപ്പിട നയത്തിൻെറ രൂപരേഖ ഉൾക്കൊള്ളിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ സർക്കാരിൻെറ നയപരമായ തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാർപ്പിട നയം രൂപവൽക്കരിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം Kerala State Housing Policy-2011-ൻെറ കരട് തയ്യാറാക്കുകയും ഇത് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

ഈ കരട് നയത്തിന്മേൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിവിധ വകുപ്പുതലവന്മാരോടും മറ്റ് ബന്ധപ്പെട്ടവരോടും ആരായുകയുണ്ടായി. കൂടാതെ പൊതുജനാഭിപ്രായം സ്വരൂപിക്കുന്നതിനായി ഇത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസ് റിലീസ് നൽകുകയും ചെയ്തു. തുടർന്ന് പൊതുജനാഭിപ്രായവും വിദഗ്ദ്ധരുടെ നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിന് തിരുവനന്തപുരത്ത് വച്ച് വിപുലമായ ഒരു സമ്മേളനം സർക്കാരിൻെറ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. ഇപ്രകാരം സ്വരൂപിച്ച അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട കമ്മിറ്റി വിശദമായി പരിശോധിക്കുകയും ഇതിൽ അനുയോജ്യമെന്നു കണ്ട നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ കരട് പാർപ്പിട നയത്തിൽ ആവശ്യമായ മാറ്റങ്ങളും കൂട്ടിച്ചേർക്കലുകളും വരുത്തി പരിഷ്ക്കരിച്ച കരട് പാർപ്പിട നയം തയ്യാറാക്കുകയും ഇത് കമ്മിറ്റി അംഗീകരിക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചു. കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച കേരള സ്റ്റേറ്റ് ഹൗസിംഗ് പോളിസി-2011- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
എ.അജിത് കുമാർ,
സെക്രട്ടറി.

ഹൗസിംഗ് കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന നിർമ്മിതി കേന്ദ്രം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതുഭരണ (എസ്. സി) വകുപ്പ് (16.11.2011-ലെ ഇനം. നം. 734)
ധനകാര്യവും നിയമവും ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.